Answer.

(a) A petition signed by 221 persons from Parali complaining about the misconduct of Dr. M. C. Jacob, Assistant Surgeon, Government Dispensary, Parali, has been received.

(b) The petition is under consideration.

(c) This can be considered only after the petition is duly enquired into and the results of the enquiry are known.

9. a m. **Mr. Speaker :** Order, order. Question hour is over.

ADJOURNMENT MOTION

Re : Minister for Home Affairs-resignation of

Mr. Speaker : I have received notice of an adjournment motion under Rule 49, from Shri C. Achutha Menon for the purpose of discussing a definite matter of urgent public importance namely, the complete paralysis of the administration due to the indecision of the Chief Minister in the matter of Shri P. T. Chacko. I call hon the hon. Chief Minister to placethefacts before the House.

ശ്രീ. സി. അച്യുതമേനോൻ: എനിക്കു പറയുവാനുള്ളതു് ഞാൻ പറഞ്ഞാൽ മറുപടി പറയുവാൻ സൗകര്യമായിരിക്കും. ചോദ്യോത്തരസമയത്തുതന്നെ ഞാൻ ഈ കാര്യം ഇവിടെ ഉന്നയിക്കുകയുണ്ടായി, ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയെ അദ്ദേഹത്തിന്റെ സ്ഥാനത്തു കാണുന്നില്ല. പത്രങ്ങളിൽ അദ്ദേഹം ഇവിടെനിന്നും പോയതായി റിപ്പോർട്ടുകളും കാണുന്നു. പോയെങ്കിൽ അദ്ദേഹം രാജിവയ്ക്കണം. ആ കാര്യം വളരെ ശക്തിയായി ഈ ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ളതാണു്. നാട്ടിലും ശക്തിയായ അഭിപ്രായം ഉണ്ടായിട്ടുണ്ടു്. അദ്ദേഹം രാജിവയ്ക്കുന്നില്ല എന്നുള്ള അഭിപ്രായമാണു് മുഖ്യമന്ത്രി ഇവിടെ വളരെ ശക്തിയായി ഗവണ്മെന്റുടെ പ്രസംഗത്തെപ്പറ്റിയുള്ള ചർച്ചയുടെ അവസരത്തിൽ പറഞ്ഞതു്. അതിനുശേഷമാണു് ശ്രീ. ഗോപാലൻ ഇവിടെ നിരാഹാരവ്രതം ആരംഭിച്ചതു്. അതിനെത്തുടർന്നുകൊണ്ടു് അദ്ദേഹത്തിനു എന്തോ ഉറപ്പുകിട്ടി. ചാക്കോയെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു തീരുമാനമുണ്ടാകും എന്നു പറയപ്പെടുന്നു. അതു് മറ്റു ചില കേന്ദ്രങ്ങളും നിഷേധിക്കുന്നുണ്ടു്. ഏതായാലും വാസ്തവം എന്താണെന്നു ഞങ്ങൾക്കറിയാൻ പാടില്ല. ഏതായാലും ശ്രീ. പി. ടി. ചാക്കോയെ ഒഴിവാക്കിക്കൊണ്ടു് മന്ത്രിസഭ തുടരുന്നതു അവിഹിതമാണു്. അദ്ദേഹം രാജിവയ്ക്കാൻ കൂട്ടാക്കുന്നില്ലെന്നു പറയുന്നതു ശരിയാണെങ്കിൽ അതിനുള്ള മാർഗ്ഗം മുഖ്യമന്ത്രി മന്ത്രിസഭയുടെ മുഴുവൻ രാജി സമർപ്പിക്കുക, പിന്നീടു് പുനഃസംഘടിപ്പിക്കുക എന്നുള്ളതാണു്. അതാണു് ശരിയായ മാർഗ്ഗം. അതിനു വളരെയൊന്നും ആലോചനയുടെ ആവശ്യമില്ല. ഒരുദിവസം കൊണ്ടു് ചെയ്യാവുന്നകാര്യമാണു്. പക്ഷേ ഇവിടെ അതിനുമുതിർന്നു കാണുന്നില്ല. എന്റെ വ്യക്തമായിട്ടുള്ള അഭിപ്രായം അതിനു് മുഖ്യമന്ത്രിക്കു് സ്വന്തമായി ഭയം ഉണ്ടെന്നുമാണു്. ശ്രീ. പി. ടി. ചാക്കോയെ ഒഴിവാക്കുകയാണെങ്കിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പല മന്ത്രിമാരും പോകേണ്ടിവരും എന്നുള്ള ഭയംകൊണ്ടാണു് മുഖ്യമന്ത്രി രാജി സമർപ്പിക്കാൻ മടിക്കുന്നതു് എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ചാക്കോതന്നെ ഏതാനും ദിവസങ്ങൾക്കു് മുൻപു് പ്രസംഗിച്ചതായി പത്രങ്ങളിൽ റിപ്പോർട്ടുവന്നിട്ടുണ്ടു്, ഞാൻ പോകുകയാണെങ്കിൽ ഞാൻ മാത്രമല്ല മറ്റു പല ആളുകളും പുകഞ്ഞു പുറത്തു ചാടുമെന്നു്, അങ്ങനെ അദ്ദേഹം പറഞ്ഞതിൽ വല്ല കാര്യവുമുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. ഈ രാജ്യത്തെ എല്ലാ മന്ത്രിമാർക്കും അവരുടെ കസേരകളിൽ ഭയം തുടങ്ങിയിട്ടുണ്ടു്. ശ്രീ. പി. ടി. ചാക്കോതന്നെ ഇവിടെ വച്ചു് ചാഴിക്കാടന്റെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. നാളത്തെ കഥ

LIBRARY ARCHIVES Kerala Legislative Assembly

ആർക്കറിയാമെന്നു്. ഇതിന്റെ ഫലമായി ഈ രാജ്യത്തെ ഭരണത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായിട്ടുള്ള അനിശ്ചിതാവസ്ഥ ഉണ്ടായിട്ടുണ്ടു്. ഉദ്യോഗസ്ഥന്മാരുടെയിടയിലും അനിശ്ചിതാവസ്ഥ ഉണ്ടായിട്ടുണ്ടു്. മന്ത്രിമാർ അവരുടെ ഫയലുകളും നോക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ. ഏതായാലും ഒരു അനിശ്ചിതാവസ്ഥ ഉണ്ടായിട്ടുണ്ടു്. ഏതെല്ലാം മന്ത്രിമാർ പോവും, ആരു് നിലനില്ക്കും എന്നറിഞ്ഞുകൂടാ. അതിനിടയ്ക്കു് നടത്തേണ്ട കാര്യങ്ങളെല്ലാം നടത്തിക്കളയാം എന്നൊരു വിചാരമുണ്ടു്. അതു് നമ്മുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം ആപൽക്കരമായ ഒരുസ്ഥിതിവിശേഷം ഉണ്ടാക്കും. അതുകൊണ്ടു് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഈ സഭയ്ക്കു് ചർച്ച ചെയ്യണം വിവരങ്ങളും സഭയ്ക്കറിയണം.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ഇവിടത്തെ മന്ത്രിസഭയിലെ ഒരു മന്ത്രിയെ ഇവിടെകൊണ്ടാത്തതുകൊണ്ടു് ഇവിടെ ഒരു അടിയന്തിരാവസ്ഥയുണ്ടായിട്ടുണ്ടെന്നൊണ്ടു് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവു് പ്രസ്താവിച്ചതു്. അദ്ദേഹം മന്ത്രിസഭയിൽനിന്നു് പുറത്തുപോകാൻ നിർബന്ധിച്ചുകൊണ്ടുള്ള അഭിപ്രായങ്ങളും പ്രതിപക്ഷത്തുനിന്നും ഉണ്ടായതാണു്. അതിനെത്തുടർന്നു്. കാൺഗ്രസ്സു് പാർട്ടിയിലെ ഒരംഗം നിരാഹാരസത്യാഗ്രഹം നടത്തി, ഈ വിവരങ്ങളെല്ലാം അദ്ദേഹം പറയുകയായിരുന്നു. ഇവിടെ മൂന്നുമന്ത്രിമാർ ഇപ്പോഴും സഭയിലില്ല. മറ്റു രണ്ടുപേരെപ്പറ്റി ഒന്നും ചോദിച്ചിട്ടില്ല. ഇടയ്ക്കു് വേറെ അത്യാവശ്യമുള്ള ജോലിയുള്ളപ്പോഴും വളരെ അസൗകര്യമുള്ളപ്പോഴും ചിലർ വരാതിരിക്കുകപതിവുണ്ടു്. ആ ഘട്ടത്തിലൊന്നും പ്രതിപക്ഷ അംഗങ്ങളും അതേപ്പറ്റി ചോദിച്ചിട്ടില്ല. ഇപ്പോഴും മറ്റു രണ്ടു മന്ത്രിമാരെപ്പറ്റിയും ചോദിക്കുന്നില്ല. ശ്രീമാൻ ചാക്കോ ഇല്ലാത്തതിനെപ്പറ്റിയാണു് ചോദിച്ചിരിക്കുന്നതു്. ഇതിനു അസാധാരണമായി ഒന്നുമില്ല. അദ്ദേഹത്തിനു് ഇന്നു വരാൻ സൗകര്യമില്ലെന്നറിയിച്ചു. അതുകൊണ്ടു് അദ്ദേഹം ഉത്തരം നൽകേണ്ടതിനെല്ലാം ഞാൻ ഉത്തരം പറഞ്ഞു. ഇത്രയും ഇവിടെ നടന്നിട്ടുണ്ടു്. അതിനൊന്നും ആർക്കും അത്ഭുതംതോന്നിയില്ല. ഇന്നു അത്ഭുതം ഒന്നേയുള്ളു. അദ്ദേഹം രാജിവച്ചുപോകണമെന്നു പ്രതിപക്ഷ നേതാവു് പറഞ്ഞകാര്യം ശരിയാണു്. അക്കാരണംകൊണ്ടു് അദ്ദേഹം രാജിവയ്ക്കേണ്ടതില്ല എന്നു് ഏതാണ്ടു് ഞാൻ എന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. ഇതുവരെ അദ്ദേഹം രാജിവച്ചുപോയുമില്ല. പ്രതിപക്ഷാംഗങ്ങൾക്കു് അദ്ദേഹം രാജിവച്ചുപോകണമെന്നുള്ള ആഗ്രഹം ഉണ്ടെന്നുള്ള വസ്തുത ഞാൻ സമ്മതിക്കുന്നു. ചാക്കോ രാജിവച്ചുപോകണമെന്നും തുടർന്നു മറ്റു മന്ത്രിമാർ പോകണമെന്നും, സാധിക്കുമെങ്കിൽ കാൺഗ്രസ്സു പാർട്ടിതന്നെ ഇല്ലാതായാൽ കൊള്ളാമെന്നും അവർക്കാഗ്രഹമുണ്ടു്. പക്ഷേ ആ ആഗ്രഹത്തെസംബന്ധിച്ചിടത്തോളം എനിക്കു് അതിനു് ഓബ്ലൈജ് ചെയ്യാൻ സാധിക്കാതെവന്നാൽ ഖേദമുണ്ടു്. ഇവിടെ മന്ത്രിമാർ ഉണ്ടു്, അതനുസരിച്ചു് ഭരണം നടന്നുകൊണ്ടിരിക്കുകയാണു്. പത്രങ്ങളിൽവന്ന റിപ്പോർട്ടിനെപ്പറ്റിയാണെങ്കിൽ എനിക്കൊന്നും പറയുവാനില്ല. പത്രങ്ങളിൽ എന്തെല്ലാംതരം റിപ്പോർട്ടുകളും വന്നിട്ടുണ്ടെന്നുള്ള കാര്യം അതു് വായിക്കുന്നവർക്കുമാത്രമേ മനസ്സിലാകുകയുള്ളു. പരസ്പരവിരുദ്ധമായി അവരവരുടെ സരസ്വതീവിലാസത്തിനനുസരിച്ചു് റിപ്പോർട്ടുകളും പത്രങ്ങളിൽ വരുന്നുണ്ടു്. അതിനെപ്പറ്റി വലിയൊരു മത്സരംതന്നെ നടക്കുന്നുണ്ടു്. ആർക്കാണു് കൂടുതൽ കഥകളും എഴുതാൻ കഴിവുള്ളതു് എന്നുള്ള കാര്യത്തെപ്പറ്റി മത്സരംതന്നെ നടക്കുന്നുണ്ടു്. അതിനൊന്നും മന്ത്രിസഭയ്ക്കു് ഉത്തരവാദിത്വമില്ല. അതിനൊന്നും സമാധാനംപറയുവാനുള്ള ചുമതലയും മന്ത്രിസഭക്കില്ല. അതിനെപ്പറ്റി എന്തെങ്കിലും കൂടുതലായി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. എങ്ങനെയാണു് ഒരു മന്ത്രിയെ പുറത്താക്കേണ്ടതു് എന്നുള്ള ഉപാധികളെപ്പറ്റി പറഞ്ഞുതന്നതിനു ഞാൻ അദ്ദേഹത്തിനു് നന്ദി പറയുന്നു. ജനാധിപത്യസമ്പ്രദായമനുസരിച്ചു് മന്ത്രിമാർ പുറത്തുപോകുകയോ അകത്തുവരികയോ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളെപ്പറ്റി ഞങ്ങൾക്കും സാമാന്യമായി അറിയാം. ആ അവസരം വരുമ്പോൾ ഞങ്ങൾ ആ കാര്യത്തെപ്പറ്റി പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ഇപ്പോഴും അങ്ങനെയൊരു അവസരം വന്നിട്ടില്ല. ചാക്കോ പോയിക്കഴിഞ്ഞാൽ ചീഫ്മിനിസ്റ്റർ പോകേണ്ടിവരുമെന്നുള്ള ഭീതിമൂലമാണു് പ്രവർത്തിക്കാത്തതെന്നു പറഞ്ഞു് ഇളക്കിയാലൊന്നും ഭ്രാന്തുകാണിക്കുന്ന ആളൊന്നുമല്ല ചീഫ് മിനിസ്റ്റർ. ഈ സ്ഥാനത്തിരിക്കണമെന്നുള്ള വലിയ നിർബന്ധമുള്ള ആളൊന്നുമല്ല ഞാൻ. ഇരിക്കുന്നിടത്തോളം കാലം മാന്യമായി ജനാധിപത്യ വഴക്കങ്ങൾക്കനുസരിച്ചു് ഭരണം നടത്തണമെന്ന വിചാരമുണ്ടു്. ഏതുനിമിഷത്തിലും ആവശ്യമാണെങ്കിൽ ജനാധിപത്യമുറയനുസരിച്ചു ഭരണം ഉപേക്ഷിച്ചു പോകാനും വിരോധമില്ലാത്ത ആളാണു് ഈ ചീഫ്മിനിസ്റ്റർ മറ്റു മന്ത്രിമാർക്കും കസേരകളിൽ വലിയ പ്രേമമുണ്ടെന്നുതോന്നുന്നില്ല. ഇവിടെ എന്തോ സ്തംഭനം വന്നിരിക്കുന്നു, ഭരണം നടക്കുന്നില്ല എന്നുപറയുന്നതൊന്നും ശരിയല്ല ഉദ്യോഗസ്ഥന്മാരെല്ലാം അവരവരുടെ ജോലി ചെയ്തുകൊണ്ടിരിക്കുകയാണു്. അവർക്കറിയാം അതു് ചെയ്യേണ്ടതാണെന്നു്. ഇവിടെ യാതൊരു അടിയന്തിരാവസ്ഥയും ഉണ്ടായിട്ടില്ല. അതുകൊണ്ടു് ഇങ്ങനെ ഒരു പ്രമേയം ഇപ്പോൾ ഇവിടെ അവതരിപ്പിച്ചതിന്റെ അർത്ഥം എന്താണെന്നു എനിക്കു് മനസ്സിലാകുന്നില്ല. കുറേ ദിവസങ്ങളായി കിട്ടുന്ന അവസരം ഉപയോഗിച്ചു് ഓരോന്നു കെട്ടിച്ചമച്ചു പറയുകയാണു്. അങ്ങനെ ഒന്നായിട്ടുമാത്രമേ ഇനിയും ഞാൻ വിചാരിക്കുന്നുള്ളൂ. അതുകൊണ്ടു് യാതൊരു പ്രത്യേകമായ സ്ഥിതിയും ഇവിടെ വന്നിട്ടില്ലാത്തതിനാൽ ഇത്തരം പ്രമേയത്തിനു് പ്രസക്തിയില്ലെന്നുള്ള എന്റെ അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് : ഏതാനും ദിവസം മുൻപു് ഗവർണ്ണരുടെ പ്രസംഗംകഴിഞ്ഞതിൽ പിന്നീടു് ഈ സംസ്ഥാനത്തു രാഷ്ട്രീയമായി യാതൊന്നും നടന്നിട്ടില്ലെന്നും ഈ പറയുന്നതെല്ലാം ആരോ കെട്ടിച്ചമച്ചതാണെന്നുമാണോ മുഖ്യമന്ത്രിപറയുന്നതു് ? മനസ്സിലാകത്തതുകൊണ്ടു് ചോദിക്കുകയാണു്. എനിക്കു് പറയുവാനുള്ളതു് ഇവിടെ എന്തോ ഉണ്ടായിട്ടുണ്ടു് എന്നാണു് വളരെ പണം ചെലവുചെയ്തു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മദ്രാസിലേക്കു് പറക്കുകയും, അതുകഴിഞ്ഞു് ഇന്നലെ ഇവിടേക്കു് പറക്കുകയും ചെയ്തിട്ടുണ്ടു് നാളെ ഇവിടെ കാൺഗ്രസ്സു് പ്രസിഡൻറു് വരാൻ പോകുന്നു എന്നാണു് അറിയുന്നതു്. ഇതെല്ലാം വസ്തുതയാണോ ? അതോ കെട്ടിച്ചമച്ചതാണോ? അദ്ദേഹം വരുന്നതു് കന്യാകുമാരിയിൽ ഭജനസ്സാണോ ; അതോ പത്മനാഭസ്വാമിക്ഷേത്രത്തിൽ കുളിച്ചുതൊഴാനാണോ ? ഇതൊന്നും വസ്തുത അല്ല എന്നുപറഞ്ഞു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്രത്തോളം പരിഹാസ്യനാകേണ്ട ആവശ്യമുണ്ടായിരുന്നോ എന്നാണു് എനിക്കു് ചോദിക്കാനുള്ളതു്.

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സങ്കടം ബുദ്ധിമുട്ടി പണം ചെലവാക്കി ചീഫ്മിനിസ്റ്റർ മദ്രാസിൽ പോയതിലാണു്.

ശ്രീ. ഈ, എം. ശങ്കരൻ നമ്പൂതിരിപ്പാടു് : പരിഹാസ്യമായിട്ടൊന്നുമില്ലെന്നു ഇവിടെ വന്നിരുന്ന ഇത്തൊലിക്കട്ടിയോടു പറയുന്നല്ലോ.

ശ്രീ. ആർ. ശങ്കർ : ഇതു സംബന്ധിച്ചുള്ള പരിഹാസ്യതയെല്ലാം സഹിച്ചുകൊള്ളാം. ചീഫ്മിനിസ്റ്റർ മദ്രാസിൽ പോയതു് കാൺഗ്രസ്സു് പ്രസിഡൻറു് കാമരാജനാടാരെ കാണാനാണു്. അവിടെ പോയതു് സർക്കാരിന്റെ ചെലവിലൊന്നുമല്ല. സ്വന്തം ചെലവിലാണു് പോയികണ്ടിട്ടുവന്നിട്ടുള്ളതു്. അതിലാർക്കും ആക്ഷേപത്തിനു വകയില്ല. ഞങ്ങളും ഇൻഡ്യയിലെ ഒരു രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരാണു്. ഞങ്ങളുടെ ആർഗനൈസേഷൻ ഇൻഡ്യ ഒട്ടാകെയുണ്ടു്. ഞങ്ങളും എല്ലാകാര്യവും പരസ്പരം ആലോചിച്ചാണു് ചെയ്യാറുള്ളതു്. അതെന്താണെന്നു ഇവിടെ പറയേണ്ട യാതൊരു ബാദ്ധ്യതയും എനിക്കില്ല. അതെന്താണെന്നു പറയുവാനുള്ളവരോടു് പറയേണ്ട സമയത്തു പറഞ്ഞുകൊള്ളാം. ഇവിടെ എന്തെങ്കിലും ക്രൈസിസ്സു് ഉണ്ടാകുകയാണെങ്കിൽ അതേപ്പറ്റി ചീഫ്മിനിസ്റ്റർ എന്നുള്ളനിലയിൽ പറയുവാനുള്ള അവകാശം എനിക്കുണ്ടു്. അങ്ങനെ എന്തെങ്കിലും സംഭവിക്കുന്ന സമയത്തു് അതു് പറഞ്ഞുകൊള്ളാം. ഇപ്പോൾ യാതൊന്നും സംഭവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Order, order. In the light of the facts stated by the hon. Chief Minister, I withhold consent to the moving of the adjournment motion.

I pass on to the next item of the Agenda,

ശ്രീ. പി. നാരായണൻ നമ്പി : Sir, a point of order. ബഹുമാനപ്പെട്ട അച്യുതമേനോന്റെ പ്രമേയത്തിനു മറുപടിയായി മുഖ്യമന്ത്രി ഈ അടുത്തകാലങ്ങളിലായി പത്രസമ്മേളനങ്ങളിൽ നടത്തുന്ന ഒഴിഞ്ഞുമാറൽ പോലെ പ്രസ്താവനകളും നടത്തുന്നതു് ശരിയാണോ. അതു ആർഡറിലാണോ എന്നുള്ള കാര്യത്തെപ്പറ്റി ഒരു ഉത്തരവാദിത്വമുള്ള നിയമസഭാംഗമെന്ന നിലയ്ക്കു് എനിക്കു് അങ്ങയിൽനിന്നു് റൂളിംഗ് ആവശ്യമുണ്ടു്. ഇതു് രണ്ടുമൂന്നുദിവസം കഴിഞ്ഞു് നടക്കുവാൻപോകുന്ന ഒരു കാര്യമാണു്. ഇവിടത്തെ ഗവണ്മെന്റിൽ എന്തോ മാറ്റങ്ങൾ വരുമെന്നുള്ള കാര്യത്തെപ്പറ്റി ഞങ്ങൾക്കു യാതൊരുസംശയവുമില്ല. പത്രങ്ങളിൽ കാണുന്നതും അങ്ങനെയാണു്. അതു് അങ്ങേക്കും അറിയാമെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ സഭയുടെയും ഞങ്ങളുടെയും വിലയേറിയ സമയം ചെലവാക്കി ചില ബില്ലുകളുടെ മാഗങ്ങൾ ചർച്ച ചെയ്തതിനുശേഷം മുഖ്യമന്ത്രിയുടെ ഉത്തരം കണ്ടാൽതോന്നും, പൂച്ച കണ്ണുമടച്ചുപാലു കുടിച്ചാൽ ആരും കാണുകയില്ലെന്നാവെമാണു് അദ്ദേഹത്തിനു് എന്നു്. ഈ ഗവണ്മെന്റു് രാജിവച്ചുപോകുവാൻ പോകുകയാണെന്ന പത്രങ്ങളിൽ വാർത്തകണ്ടു. അതു് ആരുംനിഷേധിച്ചിട്ടില്ല. പത്രങ്ങളെല്ലാം നിരുത്തരവാദപരമായി എഴുതിയെന്നാണോ പറയുന്നതു് ? ആഭ്യന്തരമന്ത്രിയുടെ ഒരു നിഷേധം പോലും കണ്ടില്ല. ഞങ്ങളെകളിപ്പിച്ചില്ലെന്നുമാതിരികണക്കാക്കാതെ ഉത്തരവാദിത്വത്തോടുകൂടിഞങ്ങളോടു് കാര്യംപറയണം. എന്താണു് ഇവിടെനടക്കുന്നതെന്നു ഞങ്ങൾക്കറിയണം. എന്റെ ക്രമപ്രശ്നം, തുടർന്നു നടക്കുവാൻപോകുന്നോ എന്നു ഞങ്ങൾക്കു് സംശയംതോന്നുന്ന ഈ മന്ത്രിസഭ കൊണ്ടുവരുന്ന ബില്ലുകളും ഇവിടെ ചർച്ച ചെയ്യുന്നതുകൊണ്ടാണോ, ഗവണ്മെന്റു് ബിസിനസ്സുകളും മാറ്റിവയ്ക്കേണ്ടതല്ലേ എന്നാണു്. ഇതു് ആർഡറിലാണോ എന്നു ഞങ്ങൾക്കറിയണം. അതിനു് വ്യക്തമായ ഒരറിവു് ഞങ്ങൾക്കു് അങ്ങിൽനിന്നു് കിട്ടേണ്ടതാണു്. അതു് അങ്ങു്തരണം.

മിസ്റ്റർ സ്പീക്കർ : നിലവിലിരിക്കുന്ന ഗവണ്മെന്റിനു് അവർക്കു് മാറിനിൽക്കുന്നിടത്തോളംകാലം ശരിയായ രീതിയിൽ ബിസിനസ്സു് മുന്നോട്ടുകൊണ്ടുപോകാവുന്നതാണു്.

LEGISLATIVE BUSINESS.

The Nurses & Midarves (Amendment) Bill, 1963.

Minister for Public Health (**Shri M. P. Govindan Nair**) : Sir, I move that the Nurses and Midwives (Amendment) Bill, 1963 be taken into consideration.

Minister for Harijan Welfaer (**Shri K. Kunhambu**) : I second it

Mr. Speaker : Shri M. V. Vasu has tabled an amendment for circulating the Bill for eliciting public opinion. Shri Vasu can move the amendment.

ശ്രീ. എം. വി. വാസു : കേരള മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിനെപ്പറ്റി പൊതുജനാഭിപ്രായം ആരായുന്നതിനുള്ള ഒരു മോഷൻ ഞാൻ അവതരിപ്പിക്കുന്നു. കോഴിക്കോട്ടു് മെഡിക്കൽ കോളേജിലെ ഇന്നത്തെ അനാസ്ഥയെ സംബന്ധിച്ചു് പത്രറിപ്പോർട്ടുകളും പ്രധാനപ്പെട്ട ചില പത്രങ്ങളിൽ എഡിറ്റോറിയലുകളും വന്നിട്ടുണ്ടു്. ഇന്നു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും, പ്രധാനപ്പെട്ട ആശുപത്രികളെ സംബന്ധിച്ചും, അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly